**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **01-04-2013-ലെ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ. *228**

**പരമ്പരാഗത തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. വി. വിജയദാസ് :<br>ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീ.എളമരം കരീം :<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിവിധ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്കെല്ലാം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; അത് അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) വിവിധ പരമ്പരാഗത വ്യവസായങ്ങളിലും മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (കയർ, കശുവണ്ടി, നെയ്ത്ത്, കുടനിർമ്മാണം, കൃഷി, മരംകയറ്റം, ആയുർവ്വേദം, ഇഷ്ടിക നിർമ്മാണം, കൊപ്ര, കള്ള് ചെത്ത് തുടങ്ങിയവ). |
| (സി) പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ ജോലി സാഹചര്യവും വേതനവും മെച്ചപ്പെടുത്തുവാൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; | (സി) പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിലേക്കായി സാമ്പത്തിക താങ്ങൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| (ഡി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവരുന്നു. ഇതു സംബന്ധിച്ച ശ്രീനിവാസൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## വിശദീകരണകുറിപ്പ്

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2013 ഏപ്രിൽ മാസം മുതൽ ക്ഷേമനിധി ബോർഡുകൾ വഴിയുളള എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ബാങ്ക് വഴി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി എല്ലാ ക്ഷേമനിധി അംഗങ്ങളുടെയും ഡേറ്റ ഡിജിറ്റൈസ് ചെയ്യുന്നതിന് യു.ഐ.ഡി നമ്പർ നൽകുന്നതിനും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും പെൻഷൻ ഉൾപ്പെടെയുളള ആനുകൂല്യങ്ങൾ ഇതിലൂടെ നൽകുന്നതിനായി സംസ്ഥാന ഐ.ടി മിഷന്റെ സഹകരണത്തോടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാങ്കുകൾ മുഖേന ആനുകൂല്യങ്ങൾ നൽകുന്നത് വഴി ക്ഷേമാനുകൂല്യങ്ങളുടെ വിതരണം കൂടുതൽ സുതാര്യമാക്കുന്നതിനും സമയബന്ധിതമായി സഹായം ലഭ്യമാക്കുന്നതിനും ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കഴിയുന്നതാണ്. കൂടാതെ ക്ഷേമാനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിനും ഒന്നിലധികം ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതും, അതുമൂലം നിലവിലുളള തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ തുണം വർദ്ധപ്പിക്കുന്നതിന് കഴിയുന്നതുമാണ്.

എന്നാൽ അവശത അനുഭവിക്കുന്നവരുടെ കാര്യത്തിൽ ഗുണഭോക്താക്കൾക്ക് പോസ്റ്റ് ഓഫീസ് വഴിയോ ബാങ്കു വഴിയോ അനുയോജ്യമായ രീതി സ്വീകരിയ്ക്കാവുന്നവിധത്തിലായിരിയ്ക്കും പദ്ധതി നടപ്പിലാക്കുക.

✓

സെക്ഷൻ ഓഫീസർ